ഭരണഭാഷ-മാതൃഭാഷ

നം.കെ.എസ്.എ/എം.എൽ.പി4/191/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖല കാര്യാലയം
പാലക്കാട്
തിയ്യതി : 08.01.2026
ഫോൺ : 0491 2527448
E mail : hrepalakkad@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

എക്സിക്യൂട്ടീവ് ഓഫീസർ
കടന്നമണ്ണ ഭഗവതി ദേവസ്വം
കടന്നമണ്ണ (പി.ഒ)
മലപ്പുറം - 679324

സർ,

വിഷയം :- **ശ്രീകടന്നമണ്ണ ഭഗവതി ദേവസ്വത്തിന്റെ 2013-2024** വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് പുറപ്പെടുവിക്കുന്ന ശ്രീകടന്നമണ്ണ ഭഗവതി **ദേവസ്വത്തിന്റെ 2013 മുതൽ 2024 വരെയുള്ള** വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15[1] അനുസരിച്ച് ഈ റിപ്പോർട്ട് കിട്ടി രണ്ടു മാസത്തിനകം ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പ്രസിഡന്റ്, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
   (കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ് മുഖാന്തിരം)
3. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, തിരൂർ
4. കാര്യാലയ പകർപ്പ്

// സി പി //

നമ്പർ.കെ.എസ്.എ/എം.എൽ.പി4/191/2025 തീയതി - 08.01.2026

മലപ്പുറം ജില്ല, പെരിന്തൽമണ്ണ താലൂക്ക്, മങ്കട വില്ലേജിലെ ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വത്തിന്റെ 2013 മുതൽ 2024 വരെ വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ. തുളസീദാസ്. വി.ജി ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ	ശ്രീ. ഹരിഗോബിന്ദ് കെ.സി, ഓഡിറ്റ് ഓഫീസർ
	ശ്രീ. സജീഷ് കുമാർ. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് നടത്തിയ വർഷം	2013 - 2024
ഓഡിറ്റിനു വിനിയോഗിച്ച ദിവസങ്ങൾ	18.02.2025 മുതൽ 24.02.2025 വരെ
ഓഡിറ്റ് കാലയളവിലെ ക്ഷേത്രഭരണാധികാരിയുടെ പേരും തസ്തിക പേരും	1. 1.1.2013 മുതൽ 8.1.2024 കൂടിയുള്ള കാലയളവിലെ ക്ഷേത്രം ഭരണാധികാരികളുടെ വിവരം ലഭ്യമാക്കിയില്ല 2. ദിനേശൻ. കെ (09.01.2024 – 31.12.2024)

ഭാഗം–1

1– (1) ബജറ്റ്

ദേവസ്വത്തിൽ 2013 മുതൽ 2017 വരെയുള്ള കാലയളവിലെയും, 2022 വർഷത്തെയും ബജറ്റുകൾ തയ്യാറാക്കി മലബാർ ദേവസ്വം ബോർഡിൽ നിന്ന് അംഗീകാരം വാങ്ങിട്ടില്ല. 2024 വർഷത്തെ ബജറ്റ് അംഗീകാരത്തിനായി ദേവസ്വം ബോർഡിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. ഹിന്ദുമത ധർമ്മ സ്ഥാപന നിയമം 70(1) പ്രകാരം കലണ്ടർ വർഷാരംഭത്തിന് 2 മാസം മുമ്പ് അതായത് ഒക്ടോബർ 31 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിന് വിധേയമായി മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്. യഥാസമയം ബജറ്റ് സമർപ്പിച്ച് അംഗീകാരം വാങ്ങാത്ത ക്ഷേത്രങ്ങളുടെ ചെലവ് നിയമാനുസൃതമായിരിക്കുകയില്ലായെന്നും, അത്തരം ചെലവുകൾ നിയമവിരുദ്ധവും, ആയതിന് ബന്ധപ്പെട്ടവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29.12.2010 ലെ ജെ 5/9364/09 എം.ഡി.ബി (1) സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ദേവസ്വത്തിന്റെ 2013 മുതൽ 2017 കൂടിയുള്ള വർഷങ്ങളിലെ മുഴുവൻ ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2018 മുതൽ 2021 വരെയും 2023 വർഷത്തെയും ബഡ്ജറ്റിന് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വർഷം	ഉത്തരവ്
1	2018	എ 4-2632/2018/എംഡിബി തിയതി: 14.11.2018
2	2019	എ 4-3389/2018/എംഡിബി തിയതി: 29.12.2018
3	2020	എ 4-100/2020/എംഡിബി തിയതി: 19.03.2020
4	2021	എ 4-376/2022/എംഡിബി തിയതി: 11.07.2022
5	2023	എ 4-261/2023/എംഡിബി(കെഡിസ്) തിയതി: 13.02.2023

(1-2) വാർഷിക കണക്കുകൾ

2013 മുതൽ 2015 വരെ വർഷത്തെ വാർഷിക കണക്കുകൾ 16.08.2017 തീയതിയിലും 2016 മുതൽ 2017 വരെ വർഷത്തെ വാർഷിക കണക്കുകൾ 28.07.2018 ലും 2018 വർഷത്തെ കണക്ക് 19.03.2019 ലും, 2019 ലെ 13.02.2020 ലും, 2020 ലെ 20.03.2021 ലും, 2021 ലെ 16.3.2022 തിയതിയിലും 2022, 2023, 2024 വർഷങ്ങളിലെ 18.02.2025 തിയതിയിലും ഓഡിറ്റിന് സമർപ്പിക്കുകയുണ്ടായി. മാത്രമല്ല, 1996 മുതൽ 2012 വരെയുള്ള വാർഷിക കണക്കുകൾ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9, ഉപവകുപ്പ് (1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകവും സാമ്പത്തിക വർഷം ബാധകമല്ലാത്ത സ്ഥാപനത്തിന് അക്കൌണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകവും വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചുതരേണ്ടതാണ്. 1996 മുതൽ 2012 കൂടിയുള്ള കാലയളവിലെ വാർഷിക കണക്കുകൾ എത്രയും വേഗം തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

I [3] ഓഡിറ്റിനോട് ഭരണാധികാരികളുടെ ഭാഗത്തു നിന്നുള്ള നിരുത്തരവാദപരമായ സമീപനം

1996 മുതൽ 2012 കൂടിയ കാലയളവിലെ വരവ് - ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൂടാതെ 2013 മുതൽ 2017 കൂടിയ കാലയളവിലെ ചെലവ് വൗച്ചറുകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ദേവസ്വത്തിലെ ആദ്യ ഓഡിറ്റ് ആയതിനാൽ ക്ഷേത്ര ഭരണം സംബന്ധിച്ചും, ഓഡിറ്റ് കാലയളവിലെ ക്ഷേത്രഭരണാധികാരികളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.6 തിയതി 22.02.2025) നൽകുകയും വിവരങ്ങൾ ലഭ്യമാക്കാത്തതിനെ തുടർന്ന് 08.09.2025 തിയതിയിൽ തിരൂർ മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർക്ക് കെ.എസ്.എ.(എം.എൽ)പി4-191-2025 നമ്പർ കത്ത് നൽകുകയുണ്ടായെങ്കിലും നാളിതുവരെയായി വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 1.1.2013 മുതൽ 08.01.2024 വരെയുള്ള ക്ഷേത്രഭരണാധികാരികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷേത്രത്തിൽ ഒരു എക്സിക്യൂട്ടീവ് ഓഫീസർ ഉണ്ടായിട്ടും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരു വിവരം പോലും ഓഡിറ്റിന് ലഭ്യമാക്കാത്തത് ശരിയായ നടപടിയല്ല. ഇക്കാര്യം ദേവസ്വം ബോർഡ് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

ക്രമ നം.	പേര് / വിലാസം	തസ്തിക	കാലയളവ്
1	ദിനേശൻ.കെ	എക്സിക്യൂട്ടീവ് ഓഫീസർ	09.01.24 – 31.12.24

I [4] ക്ഷേത്രവുമായി ബന്ധപ്പെട്ട ഭൂമിയുടേയും വസ്തുവകകളുടേയും പണ്ടം, പാത്രം തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

ദേവസ്വം ഭൂമി സംബന്ധിച്ച വിവരങ്ങൾ

മങ്കട വില്ലേജ് ഓഫീസർ 25.01.2006 ന് നൽകിയ ബി.ടി.ആർ പകർപ്പ് പ്രകാരം ദേവസ്വത്തിന്റെ ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർവ്വേ നമ്പർ	സബ് ഡിവിഷൻ	വിസ്തീർണ്ണം	
		ഏക്ര	സെന്റ്
115/2		0	07
115/5		0	05
115/6		0	61
115/7		0	28
115/8		0	15
ആകെ		**1**	**16**

സ്വർണ്ണം, വെള്ളി സംബന്ധിച്ച്

ക്ഷേത്രത്തിലെ സ്വർണ്ണം വെള്ളി മുതലായ വസ്തുക്കളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.ഇത് ഭരണ വകുപ്പ് ഉദ്യോഗസ്ഥർ അവസാനമായി പരിശോധിച്ചത് 01.01.2024 തിയതിയിലാണ്. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 06.01.2024 ലെ ജെ6-71/2024/MDB/RDIS നമ്പർ റിപ്പോർട്ട് പ്രകാരം സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വിവരം താഴെ കൊടുക്കുന്നു.

സ്വർണ്ണം(g)	വെള്ളി(g)
172 ഗ്രാം	514.350 ഗ്രാം

I [5] പൊതു അവലോകനം

- ബജറ്റുകൾ യഥാസമയം തന്നെ തയ്യാറാക്കി മലബാർ ദേവസ്വം ബോർഡിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതാണ്.
- വാർഷിക കണക്കുകൾ സമയബന്ധിതമായി തന്നെ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.
- കലവറ രജിസ്റ്റർ, സ്ഥിരനിക്ഷപ രജിസ്റ്റർ എന്നിവ എത്രയും പെട്ടെന്ന് എഴുതി തയ്യാറാക്കുന്നതിനുള്ള നടപടികൾ ഭരണനിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.
- ദേവസ്വം വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.
- 1996 മുതൽ 2012 കൂടിയ വർഷങ്ങളിലെ വരവ് - ചെല് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
- 2013 മുതൽ 2012 കൂടിയ കാലയളവിലെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

I [6] ***<u>രജിസ്റ്ററുകൾ, റെക്കോഡുകൾ തുടങ്ങിയവ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>***

ദേവസ്വത്തിൽ കലവറ സ്റ്റോക്ക് രജിസ്റ്റർ, വൃക്ഷ രജിസ്റ്റർ, ഭ്രസ്വത്ത് രജിസ്റ്റർ, വിഗ്രഹ രജിസ്റ്റർ, ഭണ്ഡാര സംസ്ഥാപന രജിസ്റ്റർ, വ്യവഹാര രജിസ്റ്റർ, ഇൻകൃമ്പൻസി രജിസ്റ്റർ, ഡിറ്റം രജിസ്റ്റർ തുടങ്ങീ പ്രധാന രജിസ്റ്ററുകളൊന്നും തന്നെ സൂക്ഷിച്ചു കാണുന്നില്ല. ഉടൻ തന്നെ പ്രധാന രജിസ്റ്ററുകൾ എഴുതി കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഭാഗം-2</u>

വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2 (1) <u>ക്യാഷ് വേരിഫിക്കേഷൻ</u>

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വത്തിന്റെ 2013 മുതൽ 2024 വരെയുള്ള വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2025 തിയതി 11 AM ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 680/- രൂപ ക്യാഷ് ദേവസ്വം രേഖകളിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ട്.

2 (2) **<u>സർക്കാർ ധനസഹായം</u>**

സർക്കാർ ധനസഹായമിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ധനസഹായ വിവരം	തുക	ഉത്തരവ് നം./തിയതി	ബാങ്കിന്റെ പേര്	വരവ് വച്ച തീയതി	റിമാർക്സ്
2013	മരാമത്ത് ഗ്രാന്റ്	17500	എ 4-330/ 2016/ എംഡിബി തി:3.7.2018	കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	29.7.2018	
2014	മരാമത്ത് ഗ്രാന്റ്	35000		കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	27.09.2014	
2016	മരാമത്ത് ഗ്രാന്റ്	105000		കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	22.10.2016	
2018	മരാമത്ത് ഗ്രാന്റ്	210000		കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	03.07.2018	

2022	ഗ്രാന്റ്	70000		കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	13.11.2022	
2024	പുനരുദ്ധാരണ ഗ്രാന്റ്	210000		കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	9.6.2024	

2 (3) വർഷാശനം

സർക്കാർ ഉത്തരവ് (കൈ) നം. 479/2012/RD തീയതി 17.12.2012 പ്രകാരം ക്ഷേത്രത്തിന്റെ അന്തിമ വർഷാശനം 13866/- രൂപയായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ വർഷാശനം ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

വരവ് വന്ന വർഷം	തുക	കാലയളവ്	തുക വരവ് വച്ചതിന്റെ വിവരം
2020	152526	(2006-2009 കുടിശ്ശിക) 2009-2017	സബ് ട്രഷറി, പെരിന്തൽമണ്ണ (Spl.TSB A/C No.5765) തീയതി 29.05.2020
2021	41598	2018 - 2020	സബ് ട്രഷറി, പെരിന്തൽമണ്ണ (Spl.TSB A/C No.5765) തീയതി 12.07.2021

2020-ന് ശേഷമുള്ള വർഷാശനം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 (4) മാനേജ്മെന്റ് ഫണ്ട്

വർഷം	ധനസഹായ വിവരം	തുക	വരവുപിടിച്ച തിയ്യതി	ബാങ്ക്
2013	മാനേജ്മെന്റ് ഫണ്ട്	47217	20.09.2013	കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A/C No.990
2014	ഉത്സവബത്ത	22000	13.10.2014	"
	ശമ്പളകുടിശ്ശിക	95962	03.02.2014	"
2015	ഉത്സവബത്ത	9000	20.11.2015	"
2016	ശമ്പളകുടിശ്ശിക + ഉത്സവബത്ത	108166	23.12.2016	"
2017	ഉത്സവബത്ത	21500	15.12.2017	"

2018	ശമ്പളകുടിശ്ശിക	148064	26.06.2018	”
	ഉത്സവബത്ത	25000	03.08.2018 (18000/-) 7.9.2018 (3500/-) 9.10.2018(3500/-)	”
2019	ശമ്പളകുടിശ്ശിക	426475	13.3.2019 (224375/-) 11.4.2019 (202100/-)	”
	ഉത്സവബത്ത	18000	03.09.2019	”
2020	നിത്യത	10000	22.12.2020	”
	ശമ്പളകുടിശ്ശിക	192444	02.3.2020 (174444/-) 26.8.2020 (18000/-)	”
	ഉത്സവബത്ത	18000	20.10.2020	”
	കോവിഡ് ധനസഹായം	30000	31.03.2021	”
2021	കോവിഡ് ധനസഹായം	60000	30.01.2021	”
	ശമ്പളകുടിശ്ശിക	109715	29715/- (31.03.2021) 80000/- (18.09.2021)	”
	ഉത്സവബത്ത	18000	17.08.2021	”
2022	ശമ്പളകുടിശ്ശിക	64349	17.03.2022	”
2023	ശമ്പളകുടിശ്ശിക അഡ്വാൻസ്	96000	18.07.2022 (48000/-) 11.10.2022 (48000/-)	”
	ഉത്സവബത്ത	15500	05.09.2022	”
	ശമ്പളകുടിശ്ശിക	258306	208306/- (25.01.2023) 50000/- (19.12.2023)	”
	ഉത്സവബത്ത	21000	21.08.2023	”

2 (5) <u>രജിസ്റ്ററുകൾ/രസീതികൾ/വൗച്ചറുകൾ എന്നിവയുടെ പരിപാലനം കാര്യക്ഷമമല്ല</u>

താഴെ പറയുന്ന രജിസ്റ്ററുകൾ/രസീതികൾ/വൗച്ചറുകൾ എന്നിവ ദേവസ്വത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1. 2013 മുതൽ 2016 വരെയുള്ള വഴിപാട് രസീതി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ടി കാലയളവിലെ വഴിപാട് വരവിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.
2. കലവറ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല - ദേവസ്വത്തിൽ കലവറ രജിസ്റ്റർ സൂക്ഷിക്കുകയോ, കലവറ സാധനങ്ങളുടെ വിനിയോഗ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല (മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 2.3.2010-ലെ എച്ച് 1637/2010 സർക്കുലറിലെ ഖണ്ഡിക 5 ൽ മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും കേരള സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമായിരിക്കുമെന്നും, ക്ഷേത്രത്തിലേക്ക് വാങ്ങുന്ന സാധനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് ആയതിന്റെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കലവറ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.
3. സ്ഥിര നിക്ഷേപ രജിസ്റ്റർ - സ്ഥിരനിക്ഷേപ രജിസ്റ്റർ എഴുതി നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകൾ സഹിതം സൂക്ഷിക്കേണ്ടതാണ്
4. 2013 മുതൽ 2016 വരെയുള്ള കാലയളവിലെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല
5. 2017 ലെ ചെലവ് വൗച്ചറുകൾ പൂർണ്ണമായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പ്രസ്തുത കാലയളവിലെ ക്യാഷ് ബുക്കിൽ 6.07.2017 മുതൽക്കുള്ള വരവ്/ചെലവ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. 2017 കലണ്ടർ വർഷത്തിലെ ജനവരി 1 മുതലുള്ള ദേവസ്വത്തിന്റെ ഇടപാടുകൾ പൂർണ്ണമായി രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് 2017 ലെ ചെലവ് വൗച്ചറുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
6. 2013 , 2014 കലണ്ടർ വർഷങ്ങളിലെ ലെഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
7. 20.01.2017 മുതൽ 22.06.2017 വരെയുള്ള കാലയളവിലേയും, 6.07.2017 മുതൽ 7.08.2017 വരെയുള്ള കാലയളവിലേയും ചെലവ് വൗച്ചറുകൾ സൂക്ഷിച്ച് കാണുന്നില്ല. (അന്വേഷണ നം. 11 തീയതി:24.02.2025)
8. 2019 കലണ്ടർ വർഷത്തെ വരവ്/ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയ എക്സിക്യൂട്ടീവ് ഓഫീസർ നിർവ്വഹിച്ച പലവക ചെലവിനമായ 1401/- രൂപയുടെ അക്കൗണ്ട് ലെഡ്ജറിൽ ഉൾപ്പെടുത്തി കാണുന്നില്ല.
9. 2021 കലണ്ടർ വർഷത്തെ വരവ്/ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയ എക്സിക്യൂട്ടീവ് ഓഫീസർ കയ്യാൽ വരവ് വെച്ച 285/- രൂപയുടെ അക്കൗണ്ട് ലെഡ്ജറിൽ ഉൾപ്പെടുത്തി കാണുന്നില്ല.
10. വരവ്/ചെലവ് പത്രികയിലെ പലവക വരവ് എന്ന ഇനത്തിലെ 2450/- രൂപയുടെ കണക്കുകൾ ലെഡ്ജറിൽ ഉൾപ്പെടുത്തി കാണുന്നില്ല. മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തിയതി 21.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

2 (6) വായ്പ

ഇല്ല

2 (7) ഓഡിറ്റ് റിക്കവറി

ഇല്ല

2 (8) ജാമ്യസംഖ്യ

വരവ് സമാഹരണത്തിന്റേയും വിലപിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള ജീവനക്കാരിൽ നിന്നും 1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പു നിയമം സെക്ഷൻ 100(2) (വൈ) അനുശാസിക്കുന്ന വിധത്തിൽ ജാമ്യസംഖ്യ/കരുതൽ ധാരണാപത്രം ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം–3

ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3–1 ദേവസ്വത്തിലെ അംഗീകരിച്ച ശമ്പളപട്ടിക സംബന്ധിച്ച്

ദേവസ്വത്തിലെ ശമ്പളപ്പട്ടിക മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 14.09.2021 ലെ ജെ. 4/4063/2018 എം.ഡി.ബി നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തസ്തിക	എണ്ണം	പേര്
ശാന്തി	1	കെ. വിഷ്ണുഷ്
ക്ലാർക്ക്	1	ശശികുമാർ. പി
അടിച്ചുതളി	1	പാറുക്കുട്ടി അമ്മ

3–2 ക്ഷേത്ര കമ്മിറ്റി രൂപീകരണം – നിബന്ധനകൾ പാലിക്കേണ്ടതാണ്

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വത്തിൽ 2024 വർഷത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചതായി രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റിനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറുടെ / മദ്രാസ് എച്ച.ആർ &സി.ഇ. ആക്ട് 1951 ലെ സർക്കുലർ നം. 280 എന്നിവ പ്രകാരം നിഷ്ക്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണ നം. 05 തീയതി 22.02.2025) 2013 മുതൽ 2023 വരെ കമ്മിറ്റികൾ പ്രവർത്തിച്ച് വരുന്നില്ല എന്നും, ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു വേണ്ടി 2024 ഒരു കമ്മിറ്റി രൂപീകരിക്കുകയും, ആയതിന് ബഹു.,അസിസ്റ്റന്റ് കമ്മീഷണറുടെ 17.10.2024 തീയതിയിലെ എ 4-3535/2024/എം.ഡി.ബി. നം.ഉത്തരവ് പ്രകാരം അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും, പ്രസ്തുത കമ്മിറ്റിക്ക് മങ്കട ശാഖയിലെ അർബൻ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 2025 വർഷം മുതൽ മാത്രമാണ് പണം അടവ് തുടങ്ങിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കമ്മിറ്റിയുടെ വരവ്/ചെലവ് കണക്കുകൾ 2025 കലണ്ടർ വർഷം മുതൽ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിയ്ക്കായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ഒരു വർഷത്തേക്കോ, ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിച്ച ശേഷമോ അല്ലെങ്കിൽ കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് വകുപ്പ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ഏതാണ് ആദ്യം വരുന്നതായി പരിഗണിക്കുന്ന സന്ദർഭം എന്നതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി പിരിച്ച് വിടേണ്ടതാണ്.
2. കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പിരിച്ച് വിട്ട കമ്മിറ്റിയുടെ വരവ്/ചെലവ് കണക്കുകൾ, ബാങ്ക് പാസ്സ് ബുക്ക്, കമ്മിറ്റിയുടെ കൈവശമുള്ള സംഖ്യ എന്നിവ ക്ഷേത്രഭരണാധികാരിയെ ഏൽപ്പിക്കേണ്ടതാണെന്ന നിബന്ധന പാലിക്കേണ്ടതാണ്.
3. കമ്മിറ്റി രൂപീകരിക്കുന്നതിനു മുമ്പായി ക്ഷേത്രഭരണാധികാരിയുടെ/വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്. കമ്മിറ്റികളുടെ പ്രവർത്തനം വകുപ്പിന്റെ നിബനകൾക്കനുസൃതമായിരിക്കേണ്ടതാണ്.
4. കമ്മിറ്റിയുടെ ട്രഷറർ ക്ഷേത്രഭരണാധികാരിയായിരിക്കേണ്ടതാണ്.
5. കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന അപേക്ഷ ക്ഷേത്രഭരണാധികാരി മുഖേന സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, അംഗങ്ങളുടെ പേരുവിവരങ്ങൾ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്.
6. കമ്മിറ്റികൾ പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിന് ദേവസ്വം ഇഷ്യൂ ചെയ്യുന്ന രസീതികൾ ഉപയോഗിച്ച് മാത്രമാണെന്ന് നിബന്ധന പാലിക്കേണ്ടതാണ്.
7. രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വരുന്നതോടൊപ്പം ക്ഷേത്രത്തിൽ കമ്മിറ്റികൾ സ്വന്തമായി ഭണ്ഡാരം വെച്ച് പൊതുജനങ്ങളിൽ നിന്നും പിരിവ് നടത്തി വരുന്നുണ്ടെങ്കിൽ ആയതിന്റെ വരവുകൾ അടക്കം കമ്മിറ്റി പിരിവ് നടത്തി വരുന്നതിന്റെ മറ്റ് വരവ്/ചെലവു കണക്കുകളും ദേവസ്വ അക്കൗണ്ടിൽ പൂർണ്ണമായി ഉൾക്കൊള്ളിക്കേണ്ടതാണ്. ഭാവിയിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടർന്ന് വരുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ച് വരുന്നതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

3 –3 ക്ഷേത്ര നടപ്പാത നിർമ്മാണം – വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ക്ഷേത്ര നടപ്പാത ഇന്റർലോക്ക് ചെയ്യുന്നതിന് നൽകിയ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

വൗച്ചർ നം./തീയതി	ചെക്ക് നം./തീയതി	ഇനം	തുക
50/14/10/2022	002038822	നടപ്പാത ഇന്റർലോക്ക് ചെയ്യുന്നതിന്	78,000/-

നടപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്ലാൻ & എസ്റ്റിമേറ്റ് തയ്യാറാക്കി മലബാർ ദേവസ്വം ബോർഡിൽ നിന്ന് അംഗീകാരം വാങ്ങിക്കുകയോ, ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ചെലവ് രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.7 തിയതി 24.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 78000/-തടസ്സപ്പെടുത്തുന്നു.

3 -4 വൗച്ചർ പ്രകാരമുള്ള തുകയും ക്യാഷ് ബുക്കിലെ തുകയും തമ്മിൽ വ്യത്യാസം

ചെലവ് വൗച്ചറുകളുടെ പരിശോധനയിൽ വൗച്ചറിൽ രേഖപ്പെടുത്തിയ തുകയും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

വൗച്ചർ നം./തീയതി	ഇൻവോയ്സ് നം./തീയതി	ഇനം	വൗച്ചർ പ്രകാരമുള്ള തുക	ക്യാഷ് ബുക്ക് പ്രകാരമുള്ള തുക	വ്യത്യാസം
20/05.03.2020	374/05.03.2020	കലവറ സാധനങ്ങൾ	6,107/-	6,650/-	543

വൗച്ചർ പ്രകാരമുള്ള തുകയേക്കാൾ അധികം തുക ചെലവെഴുതിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.4 തിയതി 21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധികമായി നൽകിയ 543/-രൂപയ്ക്ക് വ്യക്തമായ കാരണം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക തിരിച്ചടവാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3 -5 ടി.എ ബിൽ സമർപ്പിക്കാതെ യാത്രാപ്പടി കൈപ്പറ്റിയത് ക്രമപ്രകാരമല്ല

ഓഡിറ്റ് കാലയളവിൽ ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വത്തിന്റെ എക്സിക്യൂട്ടീവ് ഓഫീസർമാർ വിവിധ തിയതികളിലായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ക്ഷേത്രഫണ്ടിൽ നിന്നും യാത്രാപ്പടി കൈപ്പറ്റിയിട്ടുണ്ട്. (ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പ് കമ്മീഷണറുടെ 31.07.1999 ലെ എച്ച്.ആർ.3/6680/93 നമ്പർ സർക്കുലർ പ്രകാരം എക്സിക്യൂട്ടീവ് ഓഫീസർമാരുടെ മുൻകൂട്ടിയുള്ള യാത്രാ പരിപാടികൾ യാത്ര തുടങ്ങുന്ന മാസത്തിന് മുൻപും യാത്രാ ഡയറി, യാത്ര കഴിഞ്ഞ് അടുത്ത മാസം അഞ്ചാം തിയതിക്കു മുൻപും ബന്ധപ്പെട്ട അസി.കമ്മീഷണർക്ക് സമർപ്പിക്കാനും, യാത്രാ ബില്ലിനോടൊപ്പം യാത്രാ ഡയറിയും അടക്കം ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്) എന്നാൽ യാത്രയുടെ ഉദ്ദേശ്യം, യാത്ര ചെയ്ത സമയം എന്നിവ വ്യകതമാക്കി ടി.എ ബിൽ സമർപ്പിച്ച് ഭരണ വകുപ്പിൽനിന്നും അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി.എ.ബില്ലിന്റെ അഭാവത്തിൽ യാത്രാപ്പടി കൈപ്പറ്റിയത് ക്രമപ്രകാരമല്ല കൂടാതെ യാത്രാപ്പടിയിലെ കണക്കുകളിലെ വ്യത്യാസത്തിനുള്ള വിശദീകരണം നൽകാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2022

ക്രമ നം.	വൗച്ചർ നം./തീയതി	ഇനം	വൗച്ചർ പ്രകാരമുള്ള തുക	കുറിപ്പുകൾ
01	55/26/09/2022	എക്സിക്യൂട്ടീവ് ഓഫീസറുടെ T.A.	300/-	
02	68/04/11/2022	എക്സിക്യൂട്ടീവ് ഓഫീസറുടെ T.A.	400/-	
03	81/26/12/2022	എക്സിക്യൂട്ടീവ് ഓഫീസറുടെ T.A.	4,500/-	ക്യാഷ് ബുക്കിലും, ലഡ്ജറിലും വൗച്ചറിലെ തുകയായ 4,500/- രൂപയ്ക്ക് പകരം 400/- രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
	ആകെ		**5200**	

3-6 താല്ക്കാലിക നിയമനം – ഭരണവകുപ്പിന്റെ അംഗീകാരമില്ലാതെ ആളെ നിയമിച്ച് വേതനം നൽകി വരുന്നത് സംബന്ധിച്ച്

ഓഡിറ്റ് കാലയളവിൽ 2017 ജൂൺ മുതൽക്ക് മാത്രമേ ദേവസ്വം ജീവനക്കാർക്ക് വേതനം നൽകുന്നതിനായി അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുള്ളൂ. 2017 കലണ്ടർ വർഷം മുതൽക്ക് മാത്രമെ ദേവസ്വത്തിൽ ചെലവ് വൗച്ചറുകൾ സൂക്ഷിച്ച് വരുന്നുള്ളൂ. വേതന വൗച്ചറുകൾ ഭാഗികമായി മാത്രമേ സൂക്ഷിച്ച് വരുന്നുള്ളൂ. ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ അനധികൃത നിയമനങ്ങൾ, താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ദേവസ്വം കമ്മീഷണർ 15.10.2010 തിയതിയിൽ പുറപ്പെടുവിച്ച ജെ.8/7347/2010/MDB നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. അംഗീകൃത തസ്തികകളിലോ, പുതിയ തസ്തികകൾ സൃഷ്ടിച്ചോ ദിവസക്കൂലി അടിസ്ഥാനത്തിലുൾപ്പെടെയുള്ള നിയമനങ്ങൾ നടത്തുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. ബോർഡിന്റെ മുൻകൂർ അനുവാദം വാങ്ങിയ്ക്കാതെ നടത്തുന്ന എല്ലാ നിയമനങ്ങളും നിരോധിച്ചിട്ടുള്ളതുമാണ്. അത്യാസാധാരണമായ സാഹചര്യങ്ങളിലൊഴികെ ക്ഷേത്ര തലത്തിൽ സ്വീകരിക്കുന്ന ഇത്തരം നടപടിക്രമങ്ങൾ അംഗീകാരത്തിനായി അയയ്ക്കുന്ന ശുപാർശകൾ എന്നിവ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല. ഇതു സംബന്ധിച്ചുണ്ടാവുന്ന എല്ലാ ബാദ്ധ്യതകളും ബന്ധപ്പെട്ടവരുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. (അന്വേഷണ നം.11 തീയതി : 24/02/2025).
ക്ഷേത്രത്തിൽ 3 അംഗീകരിച്ച തസ്തികളാണുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) ശാന്തി - 1
2) ക്ലർക്ക് - 1
3) അടിച്ച് തളി - 1

ഇതു കൂടാതെ കഴകം എന്ന അംഗീകാരമില്ലാത്ത തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ച് വേതനം നൽകിവരുന്നുണ്ട്.ദിവസ വേതന അടിസ്ഥാനത്തിൽ താല്ക്കാലികമായി സേവനം അനുഷ്ഠിച്ച് വരുന്ന കഴകം തസ്തികയ്ക്ക് പ്രതി മാസം 1500, 2000, 3,000 രൂപ എന്നീ നിരക്കിൽ ഓഡിറ്റ് കാലയളവിൽ വേതനമായി നല്കി വന്നിട്ടുണ്ട്.താൽക്കാലികമായി കഴകം തസ്തികയിൽ സുനിൽ കുമാർ.കെ, പാറുകുട്ടി അമ്മ എന്ന ജീവനക്കാർക്ക് ഈ ഇനത്തിൽ നൽകിയ തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**താല്ക്കാലിക തസ്തിക**	**ജീവനക്കാരന്റെ പേര്**	**കാലയളവ്**	**വേതന നിരക്ക്**	**ആകെ തുക**
01	കഴകം	സുനിൽകുമാർ.കെ.	ജൂൺ 2017 മുതൽ ഡിസംബർ 2019 വരെ	1500/-	46,500/-
	,,	..	ജനുവരി 2020 മുതൽ 2022 ഡിസംബർ വരെ	2,000/-	72,000/-
	..	2023 ജനുവരി മുതൽ ഡിസമ്പർ വരെ കഴകം - സുനിൽകുമാർ.കെ., 2024 ജനുവരി മുതൽ നവമ്പർ വരെ കഴകം - പാറുക്കുട്ടി അമ്മ.	ജനുവരി 2023 മുതൽ ഡിസംബർ വരെ 2024 ജനുവരി മുതൽ നവംമ്പർ വരെ	3,000/-	69,000/-
				ആകെ	**1,87,500/-**

ഭരണവകുപ്പിൽ നിന്നും വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും ബോർഡിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ താൽക്കാലിക അടിസ്ഥാനത്തിൽ വേതനം നൽകി വരുന്ന സമ്പ്രദായം തുടർന്നു വരുന്നതിനാൽ 187500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3 – 7 <u>മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിനുള്ള ചെലവ് രേഖകൾ ഹാജരാക്കിയില്ല</u>

2020, 2021 കലണ്ടർ വർഷങ്ങളിൽ ശ്രീ. കടന്നമണ്ണ ഭഗവതി ദേവസ്വത്തിന്റെ ബലിക്കല്ലുകൾ പുതുക്കി പണിയുന്നതിന് നിർവ്വഹിച്ച ചെലവിനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

<u>2020</u>

വൗച്ചർ നം./തീയതി	**ഇനം**	**തുക**
03/06/01/2020	ക്ഷേത്രത്തിലെ ബലിക്കല്ല് മറ്റും മാറ്റുന്നതിലേക്ക് ശില്പി വന്ന് നോക്കുന്നതിന് ശില്പിക്കും, ആശാരിക്കും കൊടുത്ത സംഖ്യ	3,000/-
38/24/08/2020	ശ്രീകടന്നമണ്ണ ഭഗവതി ദേവസ്വം ബലിക്കല്ലുകൾ പുതുക്കി പണിയുന്നതിലെ കരാർ ഉടമ്പടി പ്രകാരം മുൻകൂർ ഒന്നാം ഗഡു സംഖ്യ Chq. No. 002040668	1,00,000/-

49/23/09/2020	ക്ഷേത്രത്തിലെ വലിയ ബലിക്കല്ലുകൾ, അഷ്ടബലിക്കല്ലുകൾ പുനർനിർമ്മിക്കുന്നതിന് കരാർ പ്രകാരം പ്രവൃത്തി ഏറ്റെടുത്തതിലേക്ക് 2 -ാം ഗഡുവായി നൽകിയ തുക	80,000/-
58/31/10/2020	ക്ഷേത്ര മുറ്റം കാട് വെട്ടൽ ബലി കല്ല് വെക്കുന്നതിന് വേണ്ടി മുറ്റം പുല്ല് വെട്ടൽ 6 മണിക്കൂറിന്	1,380/-
59/31/10/2020	ഹോളോ ബ്രിക്ക്സ് + വണ്ടി വാടക	1,510/-
65/30/10/2020	ശ്രീകടന്നമണ്ണ ദേവസ്വത്തിലെ ഭഗവതി ക്ഷേത്രം, വിഷ്ണു ക്ഷേത്ര ബലിക്കല്ലുകളുടെ നിർമ്മാണം എസ്റ്റിമേറ്റ് തയ്യാറാക്കിയ വകയിൽ സർവ്വീസ് ചാർജ്ജ്	2,000/-
67/30/11/2020	ശ്രീകടന്നമണ്ണ ക്ഷേത്രത്തിലെ ബലിക്കല്ലുകൾ നിർമ്മാണത്തിന് കരാർ പ്രകാരം 3-ാം ഗഡുവായി കൊടുത്ത സംഖ്യ	1,20,000/-
	ആകെ	**307890/-**

2021

വൗച്ചർ നം./തീയതി	**ഇനം**	**തുക**
8/10.02.2021	ക്ഷേത്ര ബലിക്കല്ലുകൾ ക്വട്ടേഷൻ പ്രകാരം ഉണ്ടാക്കിയതിന് നാലാം ഗഡു നൽകിയത്	15000/-
23/15.04.2021	ബലിക്കല്ല് നിർമ്മിച്ചതിന് ഫൈനൽ ബിൽ തയ്യാറാക്കിയതിന് എഞ്ചിനീയർക്ക് നൽകിയ തുക	3900/-
	ആകെ	**18900/-**

ബലിക്കല്ലുകൾ പുതുക്കി പണിയുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് അംഗീകരിച്ച പ്ലാൻ, എസ്റ്റിമേറ്റ്, മെഷർമെന്റ് ബുക്ക്, മരാമത്ത് ബില്ലുകൾ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണ നം.7/ 24.02.2025) പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ 326790/- രൂപയുടെ (307890 + 18900) ചെലവ് തടസ്സപ്പെടുത്തുന്നു.

3-8 ചെലവ് വൗച്ചറുകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു ₹1843314

2013 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ആകെ ചെലവ്
2013	320924
2014	438781
2015	286470
2016	507720
2017	289419
ആകെ	**1843314**

ചെലവ് വൗച്ചറുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 തീയതി 21.02.2025) മറുപടി ലഭ്യമാക്കുകയോ വൗച്ചറുകൾ ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ചെലവ് തുക പൂർണ്ണമായും തടസ്സപ്പെടുത്തുന്നു.

3-9 അംശാദായം

ഓഡിറ്റ് കാലയളവിൽ അംശാദായം അടവാക്കിയിട്ടില്ല.

3-10 ക്ഷേമനിധി

ഓഡിറ്റ് കാലയളവിൽ ക്ഷേമനിധി അടവാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	തുക(രൂപ)	രസീതി നമ്പർ/തീയതി
2024	5000	472/18.04.2024
ആകെ	**5000**	

3-11 ഓഡിറ്റ് ചാർജ്ജ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19 പ്രകാരവും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും താഴെ പറയുന്ന വിധം ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ് 0070-60-110-98 എന്ന ഖജാന ശീർഷകത്തിൽ ചലാൻ മുഖാന്തിരം ഖജനാവിൽ ഒടുക്കേണ്ടതാണ്. ഒടുക്കേണ്ട ഓഡിറ്റ് ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	സാധാരണ വരുമാനം	ഓഡിറ്റ് ചാർജ്ജ് നിരക്ക്	ഓഡിറ്റ് ചാർജ്ജ്
2013	160635	1%	1606
2014	295935	1%	2959
2015	298162	1%	2982
2016	280185	1%	2802
2017	266748	1%	2667
2018	294698	1%	2947
2019	268208	1%	2682
2020	176327	1%	1763
2021	265590	1%	2656

2022	362433	1%	3624
2023	325457	1%	3255
2024	371918	1%	3719
		ആകെ	33662
		മുൻബാക്കി	-
		ഒട്ടാകെ	33662
		ഒടുക്കിയ തുക	-
		ഒടുക്കാൻ ബാക്കി	33662

ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം

വർഷം	തുക
2013	1606
2014	2959
2015	2982
2016	2802
2017	2667
2018	2947
2019	2682
2020	1763
2021	2656
2022	3624
2023	3255
2024	3719
ആകെ	**33662**

ഓഡിറ്റ് ചാർജ്ജ് അടിയന്തിരമായി ഒടുക്കേണ്ടതും തുക ഒടുക്കിയ ചലാന്റെ പകർപ്പ്/GRN/Reference No. എന്നിവയിൽ ഏതിന്റെയെങ്കിലും വിവരം പരിശോധനയ്ക്കായി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

ഭാഗം-4

4.1 ധനസ്ഥിതി

വർഷം	2013	2014	2015	2016	2017	2018
മുന്നിരിപ്പ്	119638.04	70551.04	80667.04	101359	86990	87852
തൻവർഷ വരവ്	276683	448897	307162	493351	290281	677762
ആകെ വരവ്	396321.04	519448.04	387829.04	594710	377271	765614
ആകെ ചെലവ്	320924	438781	286470	507720	289419	505702
നീക്കിയിരിപ്പ്	75397.04	80667.04	101359.04	86990	87852	259912

വർഷം	2019	2020	2021	2022	2023	2024
മുന്നിരിപ്പ്	259912	228440	102425	133079	99393	220541
തൻവർഷ വരവ്	712683	579297	495188	608644	604763	759276
ആകെ വരവ്	972595	807730	597613	741723	704156	979817
ആകെ ചെലവ്	744155	705305	464534	642330	483615	711145
നീക്കിയിരിപ്പ്	228440	102425	133079	99393	220541	268672

4.2 ഓഡിറ്റ് അവലോകനം

	വർഷങ്ങൾ					
	2013	2014	2015	2016	2017	2018
ആകെ വരവ്	276683	448897	307162	493351	290281	677762
ആകെ ചെലവ്	320924	438781	286470	507720	289419	505702

	വർഷങ്ങൾ					
	2019	2020	2021	2022	2023	2024
ആകെ വരവ്	712683	579297	495188	608644	604763	759276
ആകെ ചെലവ്	744155	705305	464534	642330	483615	711145

ആകെ നിരാകരിച്ച തുക- ഇല്ല

തടസ്സപ്പെടുത്തിയ തുക- 2441347/-

നഷ്ടമായ തുക- ഇല്ല

4.3 ക്ഷേത്ര ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

4.4 കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

4.5 നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള നഷ്ടം

ഇല്ല

4.6 നഷ്ടം നിർണ്ണയിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

4.7 ഓഡിറ്റിൽ നിരാകരിച്ചതിന്റേയും തടസ്സപ്പെടുത്തിയതിന്റേയും വിവരം

ഖണ്ഡിക	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും
3-3	-	78000	
3-4	-	543	
3-5	-	5200	
3-6	-	187500	
3-7	-	326790	
3-8	-	1843314	
ആകെ		**2441347**	

4.8 നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവലാസവും സ്ഥിരം മേൽവിലാസവും

ഉദ്യോഗസ്ഥരുടെ പേര്	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല

4.9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പാർട്ടുകളുടെ വിവരം

വർഷം	തടസ്സവാദങ്ങളുടെ എണ്ണം	വരവിലെ നഷ്ടം	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക
2013-2024	6	-	-	2441347
ആകെ				**2441347**

4-10 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

- ഒന്നുമില്ല-

4-11 അനുബന്ധം

വരവ് ചെലവ് പത്രിക, സ്ഥിരനിക്ഷേപ പത്രിക എന്നിവ അനുബന്ധമായി ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം I

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു – ചെലവു പത്രിക–2013

വരവ്		തുക	ചെലവ്		തുക
മുന്നിരിപ്പ്		1,19,638.04	ശമ്പളം		1,01,739.00
ബാങ്ക്			ശാന്തി	45000	
പണം			അടിച്ചുതളി	12000	
വഴിപാട്		1,12,250.00	ക്ലാർക്ക്	44739	
ഭണ്ഡാരം		15,002.00	വൈദ്യുതി ചാർജ്ജ്		1,682.00
സംഭാവന		12,530.00	അച്ചടി, സ്റ്റേഷനറി		1,583.00
പലിശ		20,853.00	പലവക		12,472.00
			വഴിപാട് ചിലവ്		49,674.00
			ഓണം അലവൻസ്		10,000.00
			ശമ്പളകുടിശ്ശിക		1,11,774.00
സാധാരണവരവ്		**1,60,635.00**	**സാധാരണ ചിലവ്**		**2,88,924.00**
മാനേജ്മെന്റ് ഫണ്ട്		47,217.00	വിഡ്രോവൽ		32,000.00
മരാമത്ത് ഗ്രാന്റ്		17,500.00			
വിഡ്രോവൽ		51,331.00			
ആകെ വരവ്		**2,76,683.00**	**ആകെ ചിലവ്**		**3,20,924.00**
			നീക്കിയിരിപ്പ്		75,397.04
			ബാങ്ക്	70077.04	
			പണം	5320	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**3,96,321.04**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**3,96,321.04**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	12981.04
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	13813
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	38401
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**70077.04**
കൈയ്യിരുപ്പ് പണം		5320
ആകെ നീക്കിയിരുപ്പ് തുക		**75397.04**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2014

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		70,551.04	ശമ്പളം		1,38,993.00
ബാങ്ക്			ശാന്തി	79293	
പണം			അടിച്ചുതളി	10000	
വഴിപാട്		2,40,915.00	ക്ലാർക്ക്	36500	
ഭണ്ഡാരം		34,501.00	കഴകം	13200	
പലിശ		20,519.00	വൈദ്യുതി ചാർജ്ജ്		5,373.00
			അച്ചടി, സ്റ്റേഷനറി		3,700.00
			പലവക		35,826.00
			വഴിപാട് ചിലവ്		1,02,647.00
			ഉത്സവബത്ത		10,700.00
			ശമ്പളകൂടിശ്ശിക		95,962.00
			ഭ്രനികൃതി		18.00
			മരാമത്ത്		45,000.00
			ലോക്കർ വാടക		562.00
സാധാരണവരവ്		**2,95,935.00**	**സാധാരണ ചിലവ്**		**4,38,781.00**
മരാമത്ത് ഗ്രാന്റ്		35,000.00			
ശമ്പളകൂടിശ്ശിക		95,962.00			
ഉത്സവബത്ത		22,000.00			
ആകെ വരവ്		**4,48,897.00**	**ആകെ ചിലവ്**		**4,38,781.00**
			നീക്കിയിരിപ്പ്		80,667.04
			ബാങ്ക്	80632.04	
			പണം	35	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**5,19,448.04**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**5,19,448.04**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	31331.04
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	13526
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	30893
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**80632.04**
കൈയ്യിരുപ്പ് പണം		**35**
ആകെ നീക്കിയിരുപ്പ് തുക		**80667.04**

വാർഷിക കണക്കിലെ അപാകതകൾ

*** മുന്നിരിപ്പ് തുക എടുത്തതിൽ വ്യത്യാസം 31.12.2013 ലെ നീക്കിയിരിപ്പ് തുക 75397.04/- രൂപയാണ് എന്നാൽ 2014 ൽ മുന്നിരിപ്പായി എടുത്ത തുക 70551.04/- രൂപയാണ്.**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2015

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		80,667.00	ശമ്പളം		1,70,950.00
ബാങ്ക്	80632.04		ഓണം അലവൻസ്		11,000.00
പണം	35		വൈദ്യുതി ചാർജ്ജ്		2,389.00
വഴിപാട്		2,50,637.00	അച്ചടി, സ്റ്റേഷനറി		3,200.00
ഭണ്ഡാരം		35,427.00	വഴിപാട് ചിലവ്		83,099.00
പലിശ		12,098.00	ലോക്കർ വാടക		562.00
			പലവക/റിപ്പയർ		15,270.00
സാധാരണവരവ്		**2,98,162.00**	**സാധാരണ ചിലവ്**		**2,86,470.00**
ഉത്സവബത്ത		9,000.00			
ആകെ വരവ്		**3,07,162.00**	**ആകെ ചിലവ്**		**2,86,470.00**
			നീക്കിയിരിപ്പ്		1,01,359.04
			ബാങ്ക്	101344.04	
			പണം	15	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**3,87,829.04**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**3,87,829.04**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	42167.04
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	13763
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	40532
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**101344.04**
കൈയ്യിരുപ്പ് പണം		15
ആകെ നീക്കിയിരുപ്പ് തുക		**101359.04**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2016

വരവ്		തുക	ചെലവ്		തുക
മുന്നിരിപ്പ്		1,01,359.00	ശമ്പളം		1,68,210.00
ബാങ്ക്	101344		ശമ്പളകുടിശ്ശിക		93,910.00
പണം	15		ഉത്സവബത്ത		16,750.00
വഴിപാട്		2,36,415.00	സ്റ്റേഷനറി		2,538.00
ഭണ്ഡാരം		43,163.00	ഇലക്ട്രിസിറ്റി		2,401.00
പലിശ		607.00	വഴിപാട് ചിലവ്		89,481.00
			നിത്യത		8,313.00
			ആനകാലിക ഉത്സവം		2,473.00
			പലവക		18,644.00
			മരാമത്ത്		1,05,000.00
സാധാരണവരവ്		**2,80,185.00**	**സാധാരണ ചിലവ്**		**5,07,720.00**
മേനേജ്മെന്റ് ഫണ്ട്		1,08,166.00			
മരാമത്ത് ഗ്രാന്റ്		1,05,000.00			
ആകെ ചിലവ്		**4,93,351.00**	**ആകെ ചെലവ്**		**5,07,720.00**
			നീക്കിയിരിപ്പ്		86,990.00
			ബാങ്ക്	86990	
			പണം	NIL	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**5,94,710.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**5,94,710.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	42228
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	13736
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	26144
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**86990**
കൈയ്യിരുപ്പ് പണം		**NIL**
ആകെ നീക്കിയിരുപ്പ് തുക		**86990**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു – ചെലവു പത്രിക–2017

വരവ്		**തുക**	**ചെലവ്**	**തുക**
മുന്നിരിഷ്		86,990.00	ശമ്പളം	1,33,600.00
ബാങ്ക്	86990		വഴിപാട് ചിലവ്	59,858.00
പണം	NIL		താൽക്കാലിക ജീവനക്കാരുടെ ശമ്പളം	26,000.00
വഴിപാട്		2,32,282.00	നിത്യത	10,621.00
ഭണ്ഡാരം		32,586.00	യാത്രാബത്ത	1,200.00
പലിശ		1,520.00	ഇലക്ട്രിസിറ്റി ബിൽ	2,181.00
പലവക വരവ്		360.00	പലവക	3,400.00
			പ്രിന്റിംഗ് & സ്റ്റേഷനറി	5,771.00
			ചില്ലറ മരാമത്ത്	6,600.00
			ശുചീകരണം	5,690.00
			പുതിയ ഉപകരണം	2,330.00
			ലീവ് സറണ്ടർ	9,520.00
			ഉത്സവബത്ത	21,500.00
			ലോക്കർ വാടക	1,148.00
സാധാരണവരവ്		**2,66,748.00**	**സാധാരണ ചെലവ്**	**2,89,419.00**
ഉത്സവബത്ത		21,500.00		
എക്സിക്യൂട്ടീവ് ഓഫീസർ കയ്യാൽ വച്ചത്		2,033.00		
ആകെ വരവ്		**2,90,281.00**	**ആകെ ചെലവ്**	**2,89,419.00**
			നീക്കിയിരിപ്പ്	87,852.00
			ബാങ്ക് 87852	
			പണം Nil	
മുന്നിരിഷ്പ്പെടെ ആകെ വരവ്		**3,77,271.00**	**നീക്കിയിരിഷ്പ്പെടെ ആകെ ചിലവ്**	**3,77,271.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	43876
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	5455
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	33639
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**87852**
കൈയ്യിരുപ്പ് പണം		**Nil**
ആകെ നീക്കിയിരുപ്പ് തുക		**87852**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2018

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		87,852.00	ശമ്പളം		1,86,800.00
ബാങ്ക്	87852.00		വഴിപാട് ചിലവ്		87,186.00
പണം	Nil		നിത്യത		17,044.00
വഴിപാട്		2,10,593.00	ഇലക്ട്രിസിറ്റി ബിൽ		1,842.00
ഭണ്ഡാരം		25,684.00	യാത്രാബത്ത		1,500.00
പലിശ		58,421.00	പ്രിന്റിംഗ് & സ്റ്റേഷനറി		3,338.00
			പലവക ചെലവ്		8,285.00
			ശുചീകരണം		9,830.00
			ഇടയ്ക്കിടെ വിശേഷം		868.00
			ക്ഷേത്രപറമ്പ് ചെലവ്		580.00
			ബാങ്ക് ചെലവ്		1,040.00
			ശമ്പളകൂടിശ്ശിക		1,39,974.00
			ഉത്സവബത്ത		21,500.00
			റിപ്പയർ		520.00
			ദേവപ്രശ്നം		25,395.00
സാധാരണവരവ്		**2,94,698.00**	**സാധാരണ ചെലവ്**		**5,05,702.00**
ഉത്സവബത്ത		25,000.00			
ശമ്പളകൂടിശ്ശിക		1,48,064.00			
ഗ്രാന്റ് വരവ്		2,10,000.00			
ആകെ വരവ്		**6,77,762.00**	**ആകെ ചെലവ്**		**5,05,702.00**
			നീക്കിയിരിപ്പ്		2,59,912.00
			ബാങ്ക്	259912.00	
			പണം	Nil	
മുന്നിരിഷ്പുൾഷടെ ആകെ വരവ്		**7,65,614.00**	**നീക്കിയിരിഷ്പുൾഷടെ ആകെ ചിലവ്**		**7,65,614.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	73371
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	5435
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	176224
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**259912**
കൈയ്യിരുപ്പ് പണം		**Nil**
ആകെ നീക്കിയിരുപ്പ് തുക		**259912**

വരവ് ചെലവ് പത്രികയിലെ അപാകതകൾ

* മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ച പുതിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം. 04) ന്റെ 31.12.2018 ലെ നീക്കിയിരിപ്പ് തുക 1001/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2019

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		2,59,912.00	ശമ്പളം		1,69,000.00
ബാങ്ക്	259912.00		വഴിപാട് ചിലവ്		84,001.00
പണം	Nil		നിത്യത		5,400.00
വഴിപാട്		2,12,628.00	ഇലക്ട്രിസിറ്റി ബിൽ		1,676.00
ഭണ്ഡാരം		24,426.00	പലവക		780.00
പലിശ		29,753.00	പ്രിന്റിംഗ് & സ്റ്റേഷനറി		7,650.00
പലവക		1,401.00	പെയിന്റിംഗ്		759.00
			യാത്രാബത്ത		2,250.00
			ക്ഷേത്രപറമ്പ് ശുചീകരണം		14,091.00
			ലീവ് സറണ്ടർ		11,240.00
			പുതിയ ഉപകരണം/റിപ്പയർ		1,653.00
			ലോക്കർ വാടക		1,180.00
			ശമ്പളകുടിശ്ശിക		4,26,475.00
			ഉത്സവബത്ത		18,000.00
സാധാരണവരവ്		**2,68,208.00**	**സാധാരണ ചിലവ്**		**7,44,155.00**
ഉത്സവബത്ത		18,000.00			
ശമ്പളകുടിശ്ശിക		4,26,475.00			
ആകെ വരവ്		**7,12,683.00**	**ആകെ ചെലവ്**		**7,44,155.00**
			നീക്കിയിരിപ്പ്		2,28,440.00
			ബാങ്ക്	228440.00	
			പണം		
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**9,72,595.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**9,72,595.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	92139
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	4918
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	126501
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
ആകെ ബാങ്ക് തുക		**228440**
കൈയ്യിരുപ്പ് പണം		**Nil**
ആകെ നീക്കിയിരുപ്പ് തുക		**228440**

വരവ് ചെലവ് പത്രികയിലെ അപാകതകൾ

***** മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം.04) ന്റെ 31.12.2019 ലെ നീക്കിയിരിപ്പ് തുക 3388/- രൂപ വാർഷിക കണക്കിലെ നീക്കിയിരിപ്പു തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു – ചെലവു പത്രിക–2020

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		2,28,433.00	ശമ്പളം		84,000.00
ബാങ്ക്			വഴിപാട് ചിലവ്		60,615.00
പണം			നിത്യത		10,188.00
വഴിപാട്		1,48,101.00	ഇലക്ട്രിസിറ്റി ബിൽ		1,518.00
ഭണ്ഡാരം		5,356.00	പലവക		3,000.00
പലിശ		22,870.00	പ്രിന്റിംഗ് & സ്റ്റേഷനറി		4,533.00
			താൽക്കാലിക ജീവനക്കാരുടെ ശമ്പളം		26,000.00
			മരാമത്ത്		3,07,890.00
			ക്ഷേത്രപറമ്പ് വക ചെലവ്		1,500.00
			ഇടയ്ക്കിടെ വിശേഷങ്ങൾ		4,200.00
			ശുചീകരണം		570.00
			യാത്രാബത്ത		1,000.00
			ലോക്കർ വാടക		595.00
			പുതിയ ഉപകരണം/റിപ്പയർ		300.00
			ശമ്പളകുടിശ്ശിക (2019)		1,61,396.00
			ശമ്പളകുടിശ്ശിക (2020)		20,000.00
			ഉത്സവബത്ത		18,000.00
സാധാരണവരവ്		**1,76,327.00**	**സാധാരണ ചിലവ്**		**7,05,305.00**
ആന്വിറ്റി		1,52,526.00			
ഉത്സവബത്ത		18,000.00			
ശമ്പളകുടിശ്ശിക		1,92,444.00			
MDB ധനസഹായം		10,000.00			
കോവിഡ് ധനസഹായം		30,000.00			
ആകെ വരവ്		**5,79,297.00**	**ആകെ ചെലവ്**		**7,05,305.00**
			നീക്കിയിരിപ്പ്		1,02,425.00
			ബാങ്ക്	102159	
			പണം	266	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**8,07,730.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**8,07,730.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	28359
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	4414
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	31978
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
സബ്ട്രഷറി, പെരിന്തൽമണ്ണ	5765	32526
ആകെ ബാങ്ക് തുക		**102159**
കൈയ്യിരുപ്പ് പണം		**266**
ആകെ നീക്കിയിരുപ്പ് തുക		**102425**

വരവ് ചെലവ് പത്രികയിലെ അപാകതകൾ

***** മുന്നിരിപ്പ് തുക എടുത്തതിൽ അപാകത 31.12.2019 ലെ നീക്കിയിരിപ്പ് തുക 228440/-, 1.1.2020 ലെ മുന്നിരിപ്പായി നൽകിയ തുക 228433/- രൂപയുമാണ്.

***** മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം. 04) ന്റെ 31.12.2020 ലെ നീക്കിയിരിപ്പ് തുക 3525/- രൂപ വാർഷിക കണക്കിലെ നീക്കിയിരിപ്പു തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2021

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		1,02,425.00	ശമ്പളം		1,50,550.00
ബാങ്ക്	102159		വഴിപാട് ചിലവ്		77,727.00
പണം	266		പ്രിന്റിംഗ് & സ്റ്റേഷനറി		6,496.00
വഴിപാട്		2,27,932.00	ഇലക്ട്രിസിറ്റി ബിൽ		2,836.00
ഭണ്ഡാരം		21,773.00	ശുചീകരണം		5,410.00
പലിശ		15,885.00	ക്ഷേത്രപറമ്പ് ചെലവ്		8,570.00
			പുതിയ ഉപകരണം/റിപ്പയർ		1,270.00
			മരാമത്ത്		18,900.00
			ചില്ലറ മരാമത്ത്		7,642.00
			ഉത്സവബത്ത		18,000.00
			ശമ്പളകടിശ്ശിക		1,67,133.00
സാധാരണവരവ്		**2,65,590.00**	**സാധാരണ ചിലവ്**		**4,64,534.00**
ആനവിറ്റി		41,598.00			
ഉത്സവബത്ത		18,000.00			
ശമ്പളകുടിശ്ശിക		1,09,715.00			
എക്സിക്യൂട്ടീവ് ഓഫീസർ കയ്യാൽ വച്ചത്		285.00			
കോവിഡ് ധനസഹായം		60,000.00			
ആകെ വരവ്		**4,95,188.00**	**ആകെ ചെലവ്**		**4,64,534.00**
			നീക്കിയിരിപ്പ്		1,33,079.00
			ബാങ്ക്	133079.00	
			പണം	-	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**5,97,613.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**5,97,613.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	28845
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	4414
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	20814
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
സബ്ട്രഷറി, പെരിന്തൽമണ്ണ	5765	74124
ആകെ ബാങ്ക് തുക		**133079**
കൈയ്യിരുപ്പ് പണം		**Nil**
ആകെ നീക്കിയിരുപ്പ് തുക		**133079**

വരവ് ചെലവ് പത്രികയിലെ അപാകതകൾ

***** മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം. 04) ന്റെ 31.12.2021 ലെ നീക്കിയിരിപ്പ് തുക 3667/- രൂപ വാർഷിക കണക്കിലെ നീക്കിയിരിപ്പു തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു – ചെലവു പത്രിക–2022

വരവ്		തുക	ചെലവ്	തുക
മുന്നിരിഷ്		1,33,079.00	ശമ്പളം	1,81,500.00
ബാങ്ക്	1330779.00		വഴിപാട് ചിലവ്	1,49,209.00
പണം	Nil		പ്രിന്റിംഗ് & സ്റ്റേഷനറി	9,400.00
വഴിപാട്		3,09,725.00	ഇലക്ട്രിസിറ്റി ബിൽ	1,875.00
ഭണ്ഡാരം		37,501.00	ശുചീകരണം	5,580.00
പലിശ		15,207.00	ക്ഷേത്രപറമ്പ് ചെലവ്	22,650.00
			പുതിയ ഉപകരണം/റിപ്പയർ	3,315.00
			മരാമത്ത്	78,320.00
			യാത്രാബത്ത	1,100.00
			പലവക	200.00
			ഇടയ്ക്കിടെ വിശേഷങ്ങൾ	8,558.00
			ലോക്കർ വാടക	1,421.00
			ബാങ്ക് ചെലവ്	18.00
			ശമ്പളകുടിശ്ശിക	64,184.00
			ശമ്പള അഡ്വാൻസ്	96,000.00
			ഓണം ഉത്സവബത്ത	19,000.00
സാധാരണവരവ്		**3,62,433.00**	**സാധാരണ ചിലവ്**	**6,42,330.00**
ശമ്പളകുടിശ്ശിക (2021)		64,349.00		
ശമ്പള അഡ്വാൻസ്		96,000.00		
ഉത്സവബത്ത		15,500.00		
ഗ്രാന്റ് വക വരവ്		70,000.00		
എക്സിക്യൂട്ടീവ് ഓഫീസർ കയ്യാൽ വച്ചത്		362.00		
ആകെ വരവ്		**6,08,644.00**	**ആകെ ചെലവ്**	**6,42,330.00**
			നീക്കിയിരിപ്പ്	99,393.00
			ബാങ്ക് 99393.00	
			പണം -	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**7,41,723.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**	**7,41,723.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	11047
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	3307
കടന്നമണ്ണ സർവ്വീസ് കോ-ഓ്പപറേറ്റീവ് ബാങ്ക്	990	6033
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
സബ്ട്രഷറി, പെരിന്തൽമണ്ണ	5765	74124
ആകെ ബാങ്ക് തുക		**99393**
കൈയ്യിരുപ്പ് പണം		**Nil**
ആകെ നീക്കിയിരുപ്പ് തുക		**99393**

വരവ് ചെലവ് പത്രികയിലെ അപാകതകൾ

***** മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം. 04) ന്റെ 31.12.2022 ലെ നീക്കിയിരിപ്പ് തുക 3815/- രൂപ വാർഷിക കണക്കിലെ നീക്കിയിരിപ്പു തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു - ചെലവു പത്രിക-2023

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		99,393.00	ശമ്പളം		1,40,700.00
ബാങ്ക്	99393.00		വഴിപാട് ചിലവ്		79,712.00
പണം	Nil		പ്രിന്റിംഗ് & സ്റ്റേഷനറി		5,875.00
വഴിപാട്		2,82,709.00	ഇലക്ട്രിസിറ്റി ബിൽ		2,386.00
ഭണ്ഡാരം		18,651.00	ശുചീകരണം		9,650.00
പലിശ		21,647.00	ക്ഷേത്രപറമ്പ് ചെലവ്		150.00
പലവക		2,450.00	നിത്യത		13,934.00
			യാത്രാബത്ത		900.00
			ചില്ലറ മരാമത്ത്		420.00
			ഇടയ്ക്കിടെ വിശേഷം		1,330.00
			ലോക്കർ വാടക		1,180.00
			പലവക		3,950.00
			ശമ്പളകുടിശ്ശിക		2,02,428.00
			ഉത്സവബത്ത		21,000.00
സാധാരണ വരവ്		**3,25,457.00**	**സാധാരണ ചിലവ്**		**4,83,615.00**
ഉത്സവബത്ത		21,000.00			
ശമ്പളകുടിശ്ശിക		2,58,306.00			
ആകെ വരവ്		**6,04,763.00**	**ആകെ ചെലവ്**		**4,83,615.00**
			നീക്കിയിരിപ്പ്		2,20,541.00
			ബാങ്ക്	219694.00	
			പണം	847.00	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**7,04,156.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**7,04,156.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നം	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	5937	28197
പെരിന്തൽമണ്ണ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്	4	2209
കടന്നമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	990	106467
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	4882
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	0004	3815
സബ്ട്രഷറി, പെരിന്തൽമണ്ണ	5765	74124
ആകെ ബാങ്ക് തുക		**219694**
കൈയ്യിരുപ്പ് പണം		**847**
ആകെ നീക്കിയിരുപ്പ് തുക		**220541**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

വരവു – ചെലവു പത്രിക–2024

വരവ്		തുക	ചെലവ്		തുക
മുന്നിരിഷ്		**2,20,541.00**	ശമ്പളം		1,99,098.00
ബാങ്ക്	219694.00		ശമ്പളകുടിശ്ശിക		2,12,678.00
പണം	847.00		സ്റ്റോർ		1,31,276.00
വഴിപാട്		2,92,205.00	പരിസരശുചീകരണം		20,950.00
ഭണ്ഡാരം		63,927.00	അച്ചടി സ്റ്റേഷനറി		6,461.00
പലിശ		15,786.00	കറന്റ് ബിൽ		3,102.00
			പലവക ചിലവ്		10,205.00
			ഇലക്ട്രിക്കൽ & പ്ലംബിംഗ്		1,935.00
			ആനുകാലികം		15,000.00
			ക്ഷേമനിധി		5,000.00
			പെയിന്റിംഗ്		4,580.00
			ഗ്യാസ്		4,090.00
			ആനുകാലിക ഉത്സവം		4,235.00
			ഉത്സവബത്ത		12,250.00
			ലോക്കർ വാടക		1,279.00
സാധാരണ വരവ്		**3,71,918.00**	**സാധാരണ ചിലവ്**		**6,32,139.00**
മാനേജ്മെന്റ് ഫണ്ട്		1,65,108.00	സർക്കാർ തുക പിൻവലിച്ചത്		79,006.00
ഉത്സവബത്ത		12,250.00			
പുനരുദ്ധാരണ ഗ്രാന്റ്		2,10,000.00			
ആകെ വരവ്		**7,59,276.00**	**ആകെ ചെലവ്**		**7,11,145.00**
			നീക്കിയിരിപ്പ്		2,68,672.00
			ബാങ്ക്	267895	
			പണം	777	
മുന്നിരിപ്പുൾപ്പടെ ആകെ വരവ്		**9,79,817.00**	**നീക്കിയിരിപ്പുൾപ്പടെ ആകെ ചിലവ്**		**9,79,817.00**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നം.	തുക
പെരിന്തൽമണ്ണ അർബൺ കോ-ഓപറേറ്റീവ് ബാങ്ക്	5937	42349
പെരിന്തൽമണ്ണ അർബൺ കോ-ഓപറേറ്റീവ് ബാങ്ക്	4	979
കടന്നമണ്ണ സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക്	990	220438
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	0004	4129
സബ്ട്രഷറി, പെരിന്തൽമണ്ണ	1442	0
സബ്ട്രഷറി, പെരിന്തൽമണ്ണ	5765	0
ആകെ ബാങ്ക് തുക		**267895**
കൈയ്യിരുപ്പ് പണം		**777**
ആകെ നീക്കിയിരുപ്പ് തുക		**268672**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കടന്നമണ്ണ ഭഗവതി ദേവസ്വം

സ്ഥിര നിക്ഷേപ പത്രിക-31.12.2024

ക്രമ നമ്പർ	എഫ്ഡിനമ്പർ/ തിയ്യതി	തുക	പലിശ നിരക്ക്	കാലാവധി	കുറിപ്പുകൾ
1)മലപ്പുറം ജില്ല സഹകരണ ബാങ്ക് ക്ലിപ്തം.					
1	090281807520007/31.12.2014	28,535	8%	24 മാസം. 23.11.2018 നാണ് സ്ഥിര നിക്ഷപ പത്രിക അവസാനമായി പുതുക്കിയിട്ടുള്ളത്.	സ്ഥിര നിക്ഷപ പത്രിക കാലികമാക്കി പുതുക്കി ആവശ്യമായ രഖപ്പെടുത്തലുകൾ സഹിതം സൂക്ഷിക്കേണ്ടതാണ്.
	ആകെ	**28535**			
2) അർബൻ ബാങ്ക്, പെരിന്തൽമണ്ണ					
2	0001004800017486/03.03.2015	908	9%	03.03.2025	-
3	0001004800017538/23.08.2015	10,000	9%	23.08.2025	-
4	0001004800017542/11.07.2015	15,000	9%	11.07.2025	-
5	0001004800017543/11.07.2015	10000	9%	11.07.2025	-
6	0001004800017544/11.07.2015	18000	9%	11.07.2025	-
7	0001004800017545/11.07.2015	8939	9%	11.07.2025	-
8	0001004800017546/11.07.2015	17000	9%	11.07.2025	-
9	0001004800017547/11.07.2015	4000	9%	11.07.2025	-
10	0001004800017548/11.07.2015	9500	9%	11.07.2025	-
11	0001004800017554/04.07.2015	11267	9%	04.07.2025	-
12	0001004800017485/09.03.2015	25702	9%	09.03.2025	-
13	0001004800017484/13.03.2015	15788	9%	13.03.2025	-
14	0001004800017483/23.03.2015	25260	9%	23.03.2025	-
15	0001004800017482/27.03.2015	5263	9%	27.03.2025	-
	ആകെ	**176627**			

സ്ഥിരനിക്ഷേപങ്ങളുടെ സംക്ഷിപ്തം

ബാങ്ക്	തുക
മലപ്പുറം ജില്ല സഹകരണ ബാങ്ക് ക്ലിപ്തം.,	28535
അർബൻ ബാങ്ക്, പെരിന്തൽമണ്ണ	176627
ആകെ	205162

2013 മുതൽ 2023 വരെയുള്ള കാലയളവിൽ എഫ്.ഡി. രജിസ്റ്റർ എഴുതിയിട്ടില്ലാത്തതിനാൽ ഈയൊരു കാലയളവിലെ എഫ്ഡി മടങ്ങി വരവ്, പുനർ നിക്ഷേപം എന്നീ വിശദാംശങ്ങൾ ഓഡിറ്റിന് ബോധ്യമായിട്ടില്ല. ആയതിനാൽ സ്ഥിരനിക്ഷേപം പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ചോദ്യാവലി

(1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2) (എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

സ്ഥാപനത്തിന്റെ പേര് : **ശ്രീകടന്നമണ്ണ ദേവസ്വം**		
ഓഡിറ്റ് റിപ്പോർട്ട് കാലയളവ് : **2013 – 2024**		
ക	കമ്മീഷണർ സൂക്ഷിക്കുവാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടോ എന്ന്	ഉണ്ട്
ഖ	സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാത്ത എല്ലാ സ്ഥാവര വസ്തു ക്കളും മൽസ്യബന്ധനാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീളമേറിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനുതകും വണ്ണവും പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടകരാർ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തുവകകൾ പാട്ടത്തിന് നൽകാതിരിക്കുകയോ പാട്ടക്കരാർ നടപ്പിൽ വരുത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം	1.1.1970 മുതൽ ദേവസ്വം പാട്ടഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്
ഗ	സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയിലുള്ള വരുമാനങ്ങൾ യഥാസമയം മുതൽ കൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചീടാക്കുവാൻ വേണ്ട നടപടികളൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത്	ഉണ്ട്
ഘ	ഏതെങ്കിലും അവകാശ വാദങ്ങൾ കാലഹരണ നിയമ പ്രകാരം കാലഹരണ പ്പെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം	ഇല്ല
ങ	എല്ലാ വരവുകളും കാലവിളംബം കൂടാതെ കണക്കിൽ വരുത്തിയിട്ടുണ്ടോ എന്നത്	ഉണ്ട്
ച	ഏതെങ്കിലും അവകാശവാദങ്ങൾ എഴുതി തള്ളിയിട്ടുണ്ടെങ്കിൽ അത് എത്രയെന്നും എന്തിന്റെ അടിസ്ഥാനത്തിലെന്നും	ഇല്ല
ഛ	അംഗീകൃത ബഡ്ജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും പ്രസ്തുത ബഡ്ജറ്റിൽ നിന്നും വല്ല വ്യതിയാനവുമുണ്ടെങ്കിൽ ആയവ എന്തെന്നും	ഖണ്ഡിക 1 കാണുക
ജ	എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടുണ്ടോയെന്നും അതിൻ ഉപോൽബലകമായി ശരിയായ വൌച്ചറുകൾ ഉണ്ടോയെന്നും	ഖണ്ഡിക 3-8 കാണുക

ഝ	ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ് ചെലവ് ആണോയെന്ന്	അല്ല
ഞ	സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവകകളും വകമാറ്റിയിട്ടുണ്ടോ എന്ന്	ഇല്ല
ട	മുൻകൂർ സംഖ്യകൾ തിരിച്ചു പിടിക്കുകയോ താമസംവിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന്	ഉണ്ട്
ഠ	അടിയന്തിര ചെലവിന് ആവശ്യമില്ലാത്ത തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോ എന്നും	ഉണ്ട്
ഡ	എല്ലാ സംഭാവനകളും കാണിക്ക വസ്തുക്കളും കണക്കിൽ വരവ് വെച്ചിട്ടുണ്ടോ എന്ന്	ഉണ്ട്
ഢ	കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമഗഡു തീർപ്പാക്കുന്നതിന് മുന്നെ അളവ് പരിശോധന നടത്തിയിട്ടുണ്ടോ എന്നും കൂടാതെ ആവശ്യമായ അനുബന്ധ കണക്കുകളും അളവ് പുസ്തകം, നീക്കിയിരിപ്പ് പുസ്തകം, കൂലിപ്പട്ടിക തുടങ്ങിയ രജിസ്റ്ററുകളും ദർഘാസ് സമ്മതപത്രം മുതലായവയും സൂക്ഷിച്ചിട്ടുണ്ടോയെന്നും	ഇല്ല ഖണ്ഡിക 3-7 കാണുക
ണ	വരവ് സമാഹരണത്തിന്റെയോ വില പിടിപ്പുള്ള വസ്തുവകകളുടേയോ ചുമതലയുള്ള ജീവനക്കാരിൽ നിന്നും കരുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കരുതൽ ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും	ഖണ്ഡിക 2-7 കാണുക
സ	സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടായിട്ടുണ്ടോ എന്ന്	ഇല്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ